**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **10-02-2025 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷിക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം ക്ഷേത്ര ജീവനക്കാരിൽ നിന്നും എത്ര പേരെ തസ്തിക മാറ്റം വഴി പ്യൂൺ തസ്തികയിൽ നിയമിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം ക്ഷേത്ര ജീവനക്കാരിൽ നിന്നും ആകെ 21 പേരെ തസ്തിക മാറ്റം വഴി പ്യൂൺ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | തസ്തിക മാറ്റം വഴി ക്ഷേത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആനുപാതികമായി എത്ര ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്രകാരം നിയമിച്ചവരുടെ പട്ടിക ലഭ്യമാക്കുമോ; | (ബി) | 10 ഭിന്നശേഷിക്കാർക്ക് ക്ലർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിച്ചവരുടെ പട്ടിക **അനുബന്ധം 1-** ആയി ചേർക്കുന്നു. |
| (സി) | ക്ഷേത്ര ജീവനക്കാരിൽ എത്ര ഭിന്നശേഷി ജീവനക്കാരുണ്ടെന്നും സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം പ്രസ്തുത ജീവനക്കാർക്ക് പ്യൂൺ തസ്തികയിൽ ആനുപാതികമായോ അല്ലാതെയോ നാളിതുവരെ നിയമനം നൽകിയിട്ടില്ലെങ്കിൽ ബാക്ക് ലോഗ് കണക്കിലെടുത്ത് അർഹതപ്പെട്ട ഭിന്നശേഷിക്കാർക്ക് നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ക്ഷേത്ര ജീവനക്കാരിൽ നിന്നും 40%-ൽ കുറയാത്ത ഭിന്നശേഷിക്കാരയ ജീവനക്കാർക്ക് തസ്തികമാറ്റം നല്കുന്നതിനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ ആകെ 21 ജീവനക്കാരാണുള്ളത്.<br><br>നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ആഫീസ് അറ്റന്റഡന്റ് തസ്തികയുടെ യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം, കൂടാതെ സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്നതാണ്. സ്ത്രീകളെയും ഭിന്നശേഷിക്കാരെയും സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. വിദ്യഭ്യാസ യോഗ്യതയിൽ മറ്റ് ഇളവുകൾ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്താനാവില്ലെന്ന് ബോർഡ് ഉത്തരവായിട്ടുള്ളതാണ്. ടി ലിസ്റ്റ് പുനക്രമീകരിച്ചതിനു ശേഷം നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ കഴിയുന്നതാണെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ 2024 ഡിസംബർ 10 വരെ തസ്തികമാറ്റം വഴി നിയമനം നൽകിയ ഭിന്നശേഷിക്കാരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, ഉദ്യോഗം, ദേവസ്വം |
|---|---|
| 1. | ശ്രീ.എസ്.ആർ.സന്തോഷ്കുമാർ<br>കഴകം, ചെറുപഴഞ്ഞിക്കാവ് ദേവസ്വം<br>തളിയൽ സബ്ഗ്രൂപ്പ്, തിരുവനന്തപുരം ഗ്രൂപ്പ് |
| 2. | ശ്രീ.എസ്.മധു<br>വാച്ചർ, കാമപുരം ദേവസ്വം<br>തകഴി സബ്ഗ്രൂപ്പ്, അമ്പലപ്പുഴ ഗ്രൂപ്പ് |
| 3. | ശ്രീമതി.രജനീദേവി.എ.എസ്<br>തളി, രാമമംഗലം ദേവസ്വം, രാമമംഗലം സബ്ഗ്രൂപ്പ്<br>തൃക്കാരിയൂർ ഗ്രൂപ്പ് |
| 4. | ശ്രീ.പി.ഡി.ശ്രീനിവാസൻ<br>വാച്ചർ, തുളിശാല ദേവസ്വം<br>തിരുവല്ല ഗ്രൂപ്പ് |
| 5. | ശ്രീ.ബി.വിഷ്ണു കുമാർ<br>വാച്ചർ, അടൂർ ദേവസ്വം<br>കൊട്ടാരക്കര ഗ്രൂപ്പ് |
| 6. | ശ്രീ.ജെ.ചന്ദ്രശേഖരൻ പിള്ള<br>വാച്ചർ, ശ്രീനാരായണപുരം ദേവസ്വം<br>കൊല്ലം ഗ്രൂപ്പ് |
| 7. | ശ്രീ.എൽ.രാധാകൃഷ്ണൻ<br>സ്മിത്ത്, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്,<br>പത്തനംതിട്ട |
| 8. | ശ്രീ.അരുൺ.എസ്.കുമാർ<br>കഴകം, കുന്നത്ത് ദേവസ്വം, കേളേശ്വരം സബ്ഗ്രൂപ്പ്,<br>വർക്കല ഗ്രൂപ്പ് |
| 9. | ശ്രീ.വി.ആർ.സുമോദ്<br>ശാന്തി, വേഴപ്ര ദേവസ്വം, കൊടുപുന്ന സബ്ഗ്രൂപ്പ്,<br>ചങ്ങനാശ്ശേരി ഗ്രൂപ്പ് |
| 10. | ശ്രീ.ഹരിപ്രസാദ്<br>പാത്രംതേപ്പ്, ശ്രീകണ്ഠേശ്വരം ദേവസ്വം<br>തിരുവനന്തപുരം ഗ്രൂപ്പ് |